# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4880 23.03.2018-ലെ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ | | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായമായി എത്ര തുക അനുവദിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം 50,000/- രൂപയിൽ നിന്ന് 75,000/-രൂപയായി ഉയർത്തുകയുണ്ടായി.<br>അനുവദിച്ച തുക ജില്ലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. |

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 15,88,75,000 |
| കൊല്ലം | 13,26,00,000 |
| പത്തനംതിട്ട | 5,37,00,000 |
| ആലപ്പുഴ | 5,94,00,000 |
| കോട്ടയം | 3,85,20,000 |
| ഇടുക്കി | 4,83,75,000 |
| എറണാകുളം | 7,06,25,000 |
| തൃശ്ശൂർ | 9,65,75,000 |
| പാലക്കാട് | 20,32,25,000 |
| മലപ്പുറം | 7,68,45,000 |
| കോഴിക്കോട് | 3,93,75,000 |
| വയനാട് | 2,02,50,000 |
| കണ്ണൂർ | 2,26,50,000 |
| കാസർഗോഡ് | 3,52,80,000 |
| **ആകെ** | **1,05,62,95,000** |

| | | | |
|---|---|---|---|
| ബി) | വിവാഹത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ? | ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതികളുടെ രക്ഷകർത്താക്കൾക്ക് വിവാഹ ധനസഹായം അനുവദിയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ |

ചേർക്കുന്നു.

1) കുടുംബവാർഷിക വരുമാനം 1,00,000/- രൂപയിൽ അധികരിയ്ക്കാൻ പാടില്ല.
2) വിവാഹിതയാകുന്ന യുവതിയുടെ രക്ഷ കർത്താക്കളാണ് അപേക്ഷ സമർപ്പി ക്കേണ്ടത്.
3) പഞ്ചായത്ത്/മുനിസിപ്പാലിറ്റി /കോർപ്പറേഷൻ-ൽ നിന്ന് വിവാഹ ധനസഹായം കൈപ്പറ്റിയിട്ടില്ലാത്തവർക്ക് മാത്രമേ വകുപ്പിൽ നിന്നും ധനസഹായം നൽകാറുള്ളൂ.
4) വിവാഹം രജിസ്റ്റർ ചെയ്തിട്ടുണ്ടായിരിക്കണം.
5) നിശ്ചിത മാതൃകയിലുള്ള വിവാഹ ധനസഹായ അപേക്ഷ, ജാതി/ വരുമാന/ വിവാഹ സർട്ടിഫിക്കറ്റുകൾ, പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (എസ്.എസ്.എൽ.സി ബുക്കിന്റെ കോപ്പി), വിവാഹ ക്ഷണക്കത്ത് എന്നിവ ഉൾപ്പെടെ പഞ്ചായത്ത് /മുനിസിപ്പാലിറ്റി /കോർപ്പറേഷൻ -പട്ടികജാതി വികസന ആഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്
6) ഒരു കുടുംബത്തിലെ രണ്ട് പെൺകുട്ടികൾക്ക് മാത്രമേ വിവാഹ ധനസഹായം അനുവദിയ്ക്കാറുള്ളൂ.
7) ഒരു പെൺകുട്ടിയുടെ ആദ്യ വിവാഹത്തിന് മാത്രമാണ് ധനസഹായം നൽകുന്നത്.

**സെക്ഷൻ ഓഫീസർ**